98 (2476) ഒറ്റപ്പാലം-അമ്പലപ്പാറ റോഡ് വികസനം

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഒറ്റപ്പാലം-അമ്പലപ്പാറ റോഡിന്റെ വികസനത്തിന് 1999-2000 വർഷത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ റോഡിന്റെ പ്രവർത്തനം തുടങ്ങുന്നതിന് ഉടൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1999-2000-ാം ആണ്ടിലെ വാർഷിക ബഡ്ജറ്റിൽ 4 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ പണി തുടങ്ങുന്നതിനുള്ള എഗ്രിമെന്റ് വച്ചിട്ടുണ്ട്. പണി ഉടനെ തന്നെ തുടങ്ങുന്നതാണ്.

99 (2477) മൂവാറ്റുപ്പുഴ- കുത്താട്ടുകുളം റോഡ്

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപ്പുഴ-കുത്താട്ടുകുളം റോഡ് വീതി കൂട്ടുന്നതിന് നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ റോഡ് അലൈൻമെന്റ് അംഗീകരിച്ചുവോ;

(സി) റോഡ് വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ, ഇല്ലെങ്കിൽ സ്ഥലമെടുപ്പ് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) അംഗീകരിച്ചിട്ടുണ്ട്.

(സി) ഇല്ല. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറക്ക് സ്ഥലം ഏറ്റെടുക്കുന്നതാണ്.

100 (2478) കായംകുളം ഷോർ പാലം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഭരണാനുമതിയോടെ ഉൾപ്പെടുത്തിയിരിക്കുന്ന കായംകുളം ഷോർ പാലം പണിയുന്ന കാര്യം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം ആരംഭിക്കാൻ എന്ന് കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly